

TUESDAY 12-04-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/04/2022.

1. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ **സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ പദ്ധതിയിലൂടെ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

2. ഒല്ലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ''ഒല്ലൂർ കൃഷി സമൃദ്ധി'' യുടെയും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഏപ്രിൽ 13,14 തീയതികളിൽ മണ്ണുത്തി വെറ്ററിനറി കോളേജ് ഗ്രൌണ്ടിൽ വച്ച് **കാർഷിക സംരംഭകത്വ മേള** സംഘടിപ്പിക്കുന്നു. കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയായ **ഞങ്ങളും കൃഷിയിലേക്ക്** എന്ന പരിപാടിയുടെ ഭാഗമായി, എല്ലാവരേയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടത്തുന്ന ഈ മേളയുടെ ഉദ്ഘാടനം, ഏപ്രിൽ 13 ന് രാവിലെ 10 ന്, ബഹു. റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ നിർവഹിക്കും. തുടർന്ന് കാർഷിക മേഖലയിലെ സംരംഭകത്വ വികസനത്തിന് സഹായകമായ സെമിനാറുകളും സംരംഭകരുമായി അനുഭവം പങ്കു വയ്ക്കലും ഉ ായിരിക്കും.

3. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ വിജയ്, കരിമു** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

5. മലപ്പുറം ജില്ലയിലെ ആതവനാട് ജില്ലാ പഞ്ചായത്ത് കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും അഞ്ചുരൂപ നിരക്കിൽ ഗ്രാമശ്രീ ഇനത്തിൽ പെട്ട കോഴികളുടെ മുട്ട വിൽപ്പനയുണ്ടായിരിയ്ക്കുന്നതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0494- 2960068** എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

6. മേലെ പട്ടാമ്പി തെക്കുമുറിയിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും ഒരു മാസം പ്രായമായ ആൺപെൺ തിരിയാത്ത ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 100 രൂപ നിരക്കിൽ ഇന്ന് (ഏപ്രിൽ 12) കാലത്ത് 10 മണി മുതൽ വിൽപ്പന നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0466–2212279, 6282937809, 0466–2912008** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പുനലൂരിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഡക്ഷൻ അസിസ്റ്റന്റ്/പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്, ഇലക്ട്രീഷ്യൻ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് എന്നീ ഒഴിവുകളിലേയ്ക്കും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരായ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കാർഷിക മേഖലകളിൽ യോഗ്യതയുള്ള പ്രോജക്ട് കൺസൾട്ടന്റുമാരെ എംപാനൽ ചെയ്യുന്നതിനുമുള്ള അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ ലഭിക്കേ അവസാന തീയതി ഈ മാസം 21 (ഏപ്രിൽ 21) ആണ്. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ബയോഡേറ്റയും ഈ മാസം 21-നു (ഏപ്രിൽ 21) മുമ്പായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കിസ്സാൻ ജ്യോതി ഫോർട്ട് പി.ഒ., തിരുവനന്തപുരം-23 എന്ന വിലാസത്തിലോ, keragrotvm@gmail.com എന്ന മെയിൽ ഐഡിയിലോ അപേക്ഷിക്കുക. കൂടുതൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവിരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343, 2471344** എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

8. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രില്ലർ നാളെ (ഏപ്രിൽ 13) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേ താണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടികൾ

9. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് തേനീച്ചവളർത്തലിൽ ഇന്ന് (എപ്രിൽ 12) റബ്ബർബോർഡ് ഏകദിനപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

10. കേരള കാർഷിക സർവകലാശാല ഇ -പഠന കേന്ദ്രം "**രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ഈ മാസം 14-ന് (ഏപ്രിൽ14) തുടങ്ങുന്നു. രജിസ്റ്റർ ചെയ്യേ അവസാന തീയതി ഈ മാസം 13 (ഏപ്രിൽ 13) ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ് ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ ജയിക്കുന്നവർക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് വാങ്ങി സർട്ടിഫിക്കറ്റ് നൽകും. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

11. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ ഇന്ന് **(ഏപ്രിൽ 12-ന്) നായ വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.